**തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സണും**
**ജില്ലാ മജിസ്ട്രേറ്റുംകൂടിയായ ജില്ലാ കളക്ടറുടെ നടപടിക്രമം**

*(സാന്നിദ്ധ്യം - എസ്. ഷാനവാസ് IAS)*

| | |
|---|---|
| വിഷയം : | ദുരന്തനിവാരണനിയമം 2005  കൊവിഡ് 19- ലോക്ക്ഡൗൺ,അധിക നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ ജില്ലയിലെ പാലും ,പാലുൽപ്പന്നങ്ങൾ, വളം, കീടനാശിനികൾ എന്നിവ വിൽക്കുന്ന കടകൾ തുറക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു. |
| പരാമർശം : | 01: സംസ്ഥാന ദുരന്ത നിവാണ വകുപ്പ് (എ) യുടെ 26.04.2021 തീയതിയിലെ ജി ഒ ആർ ടി 383/2021/DMD നമ്പർ ഉത്തരവ്.<br>02: സംസ്ഥാന ദുരന്ത നിവാണ വകുപ്പ് (എ) യുടെ 06.05.2021 തീയതിയിലെ ജി ഒ ആർ ടി 404/2021/DMD നമ്പർ ഉത്തരവ്.<br>03: സംസ്ഥാന ദുരന്ത നിവാരണവകുപ്പ് (എ)യുടെ 14.05.2021 തീയതിയിലെ ജി ഒ ആർ ടി416/2021/DMD നമ്പർ ഉത്തരവ്.<br>04: ഈ കാര്യാലയത്തിലെ 16.05.2021 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്. |

**ഉത്തരവ് നമ്പർ - DCTSR/ H4/ 14476/ 2019 തീയതി: 19.05.2021**

കേരള സംസ്ഥാനത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിലും, തൃശ്ശൂർ ജില്ലയിൽ 80 ശതമാനത്തിലധികം ഗ്രാമപഞ്ചായത്തുകളും നഗരസഭ ഡിവിഷനുകളും കോർപ്പറേഷൻ ഡിവിഷനുകളും കണ്ടെയിൻമെൻറ് സോണായി പ്രഖ്യാപിച്ച സാഹചര്യത്തിലും, ജില്ലയിൽ കോവിഡ് 19 മഹാമാരിയുടെ വ്യാപനതീവ്രത കുറയാതെ നിൽക്കുന്ന സാഹചര്യത്തിലും, മൂന്നാം പരാമർശപ്രകാരം ജില്ലയിൽ പ്രത്യേക തീവ്ര കർശന നിയന്ത്രണങ്ങൾ നടപ്പിൽവരുത്തുവാൻ ഉത്തരവായിട്ടുള്ള സാഹചര്യത്തിലും, നാലാം പരാമർശപ്രകാരം ജില്ലയിൽ പ്രത്യേക അധികനിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവായിരുന്നു. മേൽ ഉത്തരവ് പ്രകാരം തുറന്നു പ്രവർത്തിക്കാൻ സാധിക്കാത്ത ജില്ലയിലെ പാലും, പാലുൽപ്പന്നങ്ങളും, വളം, കീടനാശിനികൾ എന്നി വിൽക്കുന്ന കടകളും തുറന്നു പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണെന്ന് ബോധ്യപ്പെടുന്നതിനാൽ എസ് ഷാനവാസ് ഐഎഎസ് എന്ന ഞാൻ എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം വിനിയോഗിച്ചുകൊണ്ട് 2005 ലെ ദുരന്ത നിവാരണ നിയമപ്രകാരം, നാലാം പരാമർശ പ്രകാരം തൃശ്ശൂർ ജില്ലയിൽ ഏർപ്പെടുത്തിയ പ്രത്യേക അധികനിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ താഴെ പറയും പ്രകാരം പുനക്രമീകരണം നടത്തി ഇതിനാൽ ഉത്തരവാകുന്നു.

01: **ജില്ലയിൽ പാലും , പാലുൽപ്പന്നങ്ങളും വിതരണം ചെയ്യുന്ന ഔട്ട് ലെറ്റുകൾ, രാവിലെ 6 മുതൽ വൈകീട്ട് 5 വരെ തുറന്നു പ്രവർത്തിക്കാവുന്നതാണ്.**

02: **വളം, കീടനാശിനികൾ എന്നിവ വിൽക്കുന്ന കടകൾ തിങ്കൾ,ബുധൻ,വെള്ളി ദിവസങ്ങളിൽ രാവിലെ 8 മണി മുതൽ 1 മണിവരെ തുറന്നു പ്രവർത്തിക്കാവുന്നതാണ്.**

*ഉത്തരവ് ലംഘിക്കുന്നവർക്കെതിരെയും ലംഘിക്കുവാൻ പ്രേരിപ്പിക്കുന്നവർക്കെതിരെയും ബന്ധപ്പെട്ട നിയമങ്ങൾക്കു പുറമേ ദുരന്തനിവാരണനിയമം 2005 ലെ അധ്യായം X പ്രകാരമുള്ള ശിക്ഷാനടപടികൾ കൂടി സ്വീകരിക്കുന്നതായിരിക്കും.*

***(2021 മെയ് മാസം 19-ാം തിയതി എന്റെ കൈയ്യൊപ്പോടു കൂടി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു)***

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ
ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കളക്ടർ, തൃശ്ശൂർ

സ്വീകർത്താവ്,

1. ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ (സിറ്റി)
2. ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ (റൂറൽ)
3. സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ
4. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക്
5. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തൃശ്ശൂർ (ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തിരമായി വിവരം അറിയിക്കുന്നതിന്)
6. ജില്ലയിലെ എല്ലാ മുൻസിപ്പാലിറ്റി സെക്രട്ടറിമാർക്കും
7. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശ്ശൂർ

പകർപ്പ് :

1. ജില്ലയിലെ എല്ലാ ബഹു. എം എൽ എ മാർക്കും.
2. പ്രിൻസിപ്പൽ സെക്രട്ടറി, സംസ്ഥാന റവന്യൂ ദുരന്ത നിവാരണ വകുപ്പ്, തിരുവനന്തപുരം ആമുഖ കത്ത് സഹിതം
3. പ്രിൻസിപ്പൽ സെക്രട്ടറി, സംസ്ഥാന ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്, സെക്രട്ടേറിയറ്റ് തിരുവനന്തപുരം ആമുഖ കത്ത് സഹിതം
4. കമ്മീഷണർ, ദുരന്തനിവാരണം, തിരുവനന്തപുരം
5. മേയർ, തൃശ്ശൂർ കോർപ്പറേഷൻ
6. പ്രസിഡണ്ട്, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ.
7. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, തൃശ്ശൂർ
8. റവന്യൂ ഡിവിഷണൽ ഓഫീസർ, തൃശ്ശൂർ
9. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇരിങ്ങാലക്കുട
10. ജില്ലാ ഡയറി ഡെവലപ്പ്മെന്റ് ഓഫീസർ,തൃശ്ശൂർ
11. ഡെപ്യൂട്ടി കളക്ടർ (ഡി എം), തൃശ്ശൂർ
12. ജില്ലയിലെ എല്ലാ ഡെപ്യൂട്ടി കളക്ടർമാർക്കും
13. ജില്ലയിലെ എല്ലാ താലൂക്ക് തഹസിൽദാർമാർക്കും
14. ജില്ലാ ദുരന്തനിവാരണ അതോറിറ്റി അംഗങ്ങൾക്ക്
15. **ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശ്ശൂർ - ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിൽ ആവശ്യമായ പ്രചരണത്തിനായി**
16. ജില്ലാ കളക്ടറുടെ സി എ / കരുതൽ ഫയൽ - എച്ച് 4/ കെ 1